## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 270** 01.12.2014-ൽ **മറുപടിയ്ക്ക്**

# റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ.ബഷീർ** | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) റോഡപകടങ്ങളിൽ മരണമടയുന്നവരിൽ ഏറെയും പേർ സമയത്ത് ആശുപത്രിയിൽ എത്തിക്കാതെ ചികിത്സ കിട്ടാത്തത് മൂലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതിലേക്കായി എന്തെല്ലാം നടപടികളാണ് ആഭ്യന്തര-ഗതാഗത വകുപ്പുകൾ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | (ബി) റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് ചെലവാകുന്ന തുക ആ പരിധിയിലുള്ള സർക്കിൾ ഓഫീസിൽ നിന്നും നൽകി വരുന്നു. കൂടാതെ, റോഡപകടങ്ങളിൽപെടുന്നവർക്ക് യഥാസമയം സഹായം ലഭ്യമാക്കുന്നതിനായി ഹൈവേ പോലീസ്, പോലീസ് അലർട്ട് സെൽ എന്നിവ പ്രവർത്തിച്ചു വരുന്നു. മാത്രമല്ല, അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിലേക്കായി സ്റ്റേഷൻ തലത്തിൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതിയും ജനമൈത്രി ബീറ്റും പ്രവർത്തിച്ചുവരുന്നു. അപകടത്തിൽപ്പെടുന്നവർക്ക് |

പ്രഥമശുശ്രൂക്ഷ നൽകിയശേഷം ആശുപത്രിയിൽ എത്തിക്കുന്നതിന് ഹൈവേ പോലീസിനും, ഹൈവേയുടെ വശങ്ങളിലെ പോലീസ് സ്റ്റേഷനിലുള്ള ഉദ്യോഗസ്ഥർക്കും, ടാക്സി ഡ്രൈവർമാർക്കും, മറ്റ് സന്നദ്ധ സംഘടനകൾക്കും ഡയമണ്ട് ഹവർ ട്രോമ കെയർ, ഗോൾഡൻ ഹവർ ട്രോമ കെയർ എന്ന പേരിൽ പ്രത്യേക പരിശീലന ക്ലാസ്സുകളും നൽകിവരുന്നു. ഗതാഗത വകുപ്പിന് കീഴിൽ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാൻ ഒരു പരിശീലന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. റോഡപകടങ്ങളിൽ പരിക്ക് പറ്റിയവർക്ക് പ്രഥമ ശുശ്രൂഷ നൽകുക, അവരെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുക, ആവശ്യമായ മെഡിക്കൽ കെയർ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

സെക്ഷൻ ഓഫീസർ